**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 536** **23-07-2021 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി റെയിൽവേക്ക് അടക്കേണ്ട കുടിശിക അടയ്ക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ ബാലരാമപുരം വിളവൂർക്കൽ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി ബാലരാമപുരം പഞ്ചായത്തിൽ കുടിവെള്ള ടാങ്കും പൈപ്പ് ഇടലും പൂർത്തിയായെങ്കിലും റെയിൽവേക്ക് വാട്ടർ അതോറിറ്റി നൽകാനുള്ള കുടിശ്ശിക നൽകാത്തത് കാരണം ബാലരാമപുരം തേമ്പാമുട്ടത്ത് റെയിൽവേ ലൈൻ ക്രോസ്സ് ചെയ്ത് പൈപ്പ് ഇടുന്നതിന് അനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് . തേമ്പാംമൂട് റെയിൽവേ ക്രോസ്സിംഗുമായി ബന്ധപ്പെട്ട് 06.09.2019-ൽ 40,000/- രൂപ സെൻറേജ് ചാർജ്ജായി ഒടുക്കുകയും, മണ്ണ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി 21.03.2020-ന് റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷം 21.08.2020-ൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി വേ-ലീവ് ചാർജ്ജസ് ഇനത്തിൽ ജല അതോറിറ്റിയിൽ നിന്നും 12.91 കോടി രൂപ റെയിൽവേയ്ക്ക് ഒടുക്കേണ്ടതുണ്ട് എന്നും അത് ഒടുക്കിയാൽ മാത്രമേ പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കാനാകൂ എന്നും റെയിൽവേ അറിയിച്ചിരുന്നു. ഇതിൻ പ്രകാരം 9 കോടി രൂപ ജല അതോറിറ്റി റെയിൽവേയിൽ അടച്ചിട്ടുണ്ട് . റെയിൽവേയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനാവും. |
| (ബി) | കുടിശ്ശിക അടച്ച് റയിൽവെയുടെ അനുമതി നേടി പ്രസ്തുത കുടിവെള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | ഉണ്ട് . തേമ്പാംമൂട് റെയിൽവേ ക്രോസ്സിംഗുമായി ബന്ധപ്പെട്ട് 06.09.2019-ൽ 40,000/- രൂപ സെൻറേജ് ചാർജ്ജായി ഒടുക്കുകയും, മണ്ണ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി 21.03.2020-ന് റെയിൽവേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. അതിനുശേഷം 21.08.2020-ൽ കേരളത്തിലെ വിവിധ സ്ഥലങ്ങളിലായി വേ-ലീവ് ചാർജ്ജസ് ഇനത്തിൽ ജല അതോറിറ്റിയിൽ നിന്നും 12.91 കോടി രൂപ റെയിൽവേയ്ക്ക് ഒടുക്കേണ്ടതുണ്ട് എന്നും അത് ഒടുക്കിയാൽ മാത്രമേ പുതിയ പ്രൊപ്പോസലുകൾ പരിഗണിക്കാനാകൂ എന്നും റെയിൽവേ അറിയിച്ചിരുന്നു. ഇതിൻ പ്രകാരം 9 കോടി രൂപ ജല അതോറിറ്റി റെയിൽവേയിൽ അടച്ചിട്ടുണ്ട് . റെയിൽവേയിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കാനാവും. |

സെക്ഷൻ ഓഫീസർ